**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5799** **16-03-2023 - ൽ മറുപടിയ്ക്ക്**

**എച്ച്.എം.സി. മുഖേനയുള്ള നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ആശുപത്രികളിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി (എച്ച്.എം.സി.) മുഖേന ഏതൊക്കെ തസ്തികകളിലേക്കാണ് നിയമനം നടത്തുവാൻ കഴിയുകയെന്നും ഇത്തരം നിയമനങ്ങൾ നടത്തുമ്പോൾ പാലിച്ചിരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ; | (എ) | **എച്ച്.എം.സി-യ്ക്ക് അതിൽ നിക്ഷിപ്തമായ ചുമതലകൾ ശരിയായ വിധത്തിൽ നിർവഹിക്കാനും രോഗികൾക്കും പൊതു ജനങ്ങൾക്കും മെച്ചമായ സേവനം ലഭ്യമാക്കുവാനും നിലവിൽ ലഭ്യമായ സ്ഥിര ജീവനക്കാരുടെയും എൻ.എച്ച്.എം ജീവനക്കാരുടെയും തസ്തികകൾ കൊണ്ട് മാത്രം കഴിയാത്ത സാഹചര്യത്തിൽ അത്യാവശ്യമുള്ള മേൽ പറഞ്ഞ സേവനങ്ങൾ ലഭ്യമാക്കുന്നതിനാവശ്യമായ ജീവനക്കാരെ, കേരള പഞ്ചായത്ത് രാജ് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങൾ ,2010 ലെ 6-ാം ചട്ടം ( 2-ാം ഉപചട്ടത്തിൽ) പരാമർശിക്കുന്ന (I), (II) ഒഴികെയുള്ള ഇനങ്ങളിലെ വരുമാനത്തിന്റെ ലഭ്യതയും സർക്കാരിന്റെ മാർഗനിർദേശങ്ങൾക്കും പഞ്ചായത്തിന്റെ മുൻകൂർ അനുമതിയ്ക്കും വിധേയമായി കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ താൽകാലികമായി നിയമിക്കാവുന്നതാണ്.** |
| (ബി) | ആശുപത്രികളിൽ സർക്കാർ അനുവദിച്ചിട്ടുള്ള നിലവിലെ തസ്തികകളിലേക്ക് എച്ച്.എം.സി. മുഖേന നിയമനം നടത്തുവാൻ കഴിയുമോയെന്ന് അറിയിക്കാമോ; | (ബി) | **ഇല്ല.** |
| (സി) | ആശുപത്രിയിൽ സൃഷ്ടിക്കപ്പെട്ടിട്ടില്ലാത്ത തസ്തികകളിലേക്ക് നിയമനം നടത്തുമ്പോൾ എച്ച്.എം.സി. യും ആശുപത്രി അധികൃതരും പാലിച്ചിരിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (സി) | സർക്കാരിന്റെ മാർഗനിർദ്ദേശങ്ങ ക്കും പഞ്ചായത്തിന്റെ മുൻകൂർ അനുമതിയ്ക്കും വിധേയമായി വരുമാന ലഭ്യത ഉറപ്പ് വരുത്തി കേരള പഞ്ചായത്ത് രാജ് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങൾ ,2010 ലെ 6-ാം ചട്ടം ( 2-ാം ഉപചട്ടത്തിൽ) പരാമർശിക്കുന്ന (I), (II) ഒഴിച്ചുള്ള ഇനങ്ങളിലെ വാർഷിക വരുമാനത്തിൽ 60% ത്തിൽ കവിയാത്ത തുകയ്ക്കുമാത്രമുള്ള നിയമനങ്ങളെ |

| | | | |
|---|---|---|---|
| | | | നടത്താവൂ . കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയോഗിക്കുന്നത് സുതാര്യമായ രീതിയിലും ഉദ്യോഗാർത്ഥിയിൽ നിന്ന് അപേക്ഷ ക്ഷണിച്ചുകൊണ്ട് Hospital Management Committee ഏർപ്പെടുത്തുന്ന ഒരു Selection Committee അപേക്ഷകാരുടെ യോഗ്യതാ നിർണയം നടത്തിയതിന് ശേഷവും തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥിയുടെ list-ന് പഞ്ചായത്തിന്റെ അംഗീകാരം വാങ്ങിയതിന് ശേഷവും ആയിരിക്കേണ്ടതാണ്. |
| (ഡി) | എച്ച്.എം.സി. മുഖേന നിയമിക്കപ്പെടുന്ന ജീവനക്കാരുമായി ആശുപത്രി അധികൃതർ കരാറിലോ ബോണ്ടുകളിലോ ഇതര ഉടമ്പടികളിലോ ഏർപ്പെടണമെന്ന് ചട്ടങ്ങൾ നിഷ്കർഷിക്കുന്നുണ്ടോ; എങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കുമോ; | (ഡി) | ഉണ്ട്. താൽകാലിക ജീവനക്കാരെ നിയമിച്ച് കൊണ്ടുള്ള ഉത്തരവിന് പുറമെ താൽകാലികമായി ജോലിക്ക് നിയോഗിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അവർക്ക് സ്ഥിര നിയമനത്തിന് യാതൊരു അർഹതയും ഉണ്ടായിരിക്കുന്നതല്ല എന്ന് കാണിക്കുന്ന കരാറിൽ ആശുപത്രി അധികൃതരും ജോലിയ്ക്ക നിയോഗിക്കപ്പെട്ട വ്യക്തിയും ഏർപ്പെടേണ്ടതാണ്. |
| (ഇ) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ എച്ച്.എം.സി. മുഖേന നടത്തിയിട്ടുള്ള നിയമനങ്ങൾ ചട്ടങ്ങളും നിയമങ്ങളും പാലിച്ചുള്ളവയാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ഇ) | സംസ്ഥാനത്തെ മുഴുവൻ സർക്കാർ ആശുപത്രികളിലും എച്ച്. എം. സി മുഖേന നടത്തുന്ന എല്ലാ നിയമനങ്ങളും ചട്ടങ്ങളും നിയമങ്ങളും പാലിച്ചുകൊണ്ടായിരിക്കണമെന്ന് ആയത് ഉറപ്പാക്കണമെന്ന് നിർദേശം നൽകിയിട്ടുണ്ട്. ആയത് ഉറപ്പാക്കി വരുന്നു. |
| (എഫ്) | സംസ്ഥാനത്തെ ആശുപത്രികളിൽ എച്ച്.എം.സി. മുഖേന നടത്തിയിട്ടുള്ള നിയമനങ്ങളിൽ ബന്ധു നിയമനങ്ങളോ അനധികൃത താൽക്കാലിക നിയമനങ്ങളോ നടത്തിയിട്ടുണ്ടോ എന്നുള്ള വിഷയത്തിൽ അന്വേഷണം നടത്തുമോയെന്ന് വ്യക്തമാക്കുമോ? | (എഫ്) | ഏതെങ്കിലും സ്ഥാപനത്തിൽ ഇപ്രകാരമല്ലാത്ത നിയമനങ്ങളുമായി ബന്ധപ്പെട്ട പരാതി ലഭിക്കുന്ന പക്ഷം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ